**പതിനഞ്ചാം കേരള നിയമസഭ**

**ബുള്ളറ്റിൻ ഭാഗം-2**

**2023 മെയ് 31**

**നമ്പർ: 390**

**ചീഫ് മാർഷൽ ബഹു. സ്പീക്കർക്ക് സമർപ്പിച്ച പരാതി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് റഫർ ചെയ്തത് സംബന്ധിച്ച്.**

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളന കാലയളവിൽ 2023 മാർച്ച് 15-ന് സഭാ സമ്മേളനത്തിനിടയിൽ ബഹു. സ്പീക്കറുടെ ചേംബറിന് പുറത്ത് നടന്ന സംഘർഷത്തിൽ പ്രതിപക്ഷ സാമാജികരിൽ നിന്നും ചീഫ് മാർഷൽ ഉൾപ്പെടെയുള്ള വാച്ച് & വാർഡ് സേനാംഗങ്ങൾക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്നും, ഇവർ തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിൽ നിലവിൽ ചികിത്സ തേടിയിട്ടുണ്ടെന്നും അറിയിച്ച് കൊണ്ട് വാച്ച്& വാർഡ് വിഭാഗത്തിലെ ചീഫ് മാർഷൽ 16.03.2023-ന് ബഹു. സ്പീക്കർക്ക് സമർപ്പിച്ച പരാതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 159 അനുസരിച്ച് പരിശോധനയ്ക്കും അന്വേഷണത്തിനും റിപ്പോർട്ടിനുമായി ബഹു. സ്പീക്കർ, പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിക്ക് 25.05.2023-ന് റഫർ ചെയ്തിരിക്കുന്നു.

എ. എം. ബഷീർ,

സെക്രട്ടറി.